REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 29-10-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ രണ്ട് ദിവസത്തെ സന്ദർശനത്തിന് വൈകിട്ട് തിരുവനന്തപുരത്തെത്തും.**
- **93-ാമത് ശിവഗിരി മഹാ തീർത്ഥാടനത്തിന് നാളെ തുടക്കമാകും.**
- **തദ്ദേശ സ്ഥാപനങ്ങളിലെ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളുടെ തെരഞ്ഞെടുപ്പ് ജനുവരി 5 മുതൽ ഏഴ് വരെ നടത്തുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ.**
- **സംസ്ഥാനത്തെ കരട് വോട്ടർ പട്ടികയിൻമേൽ പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം.**
- **അഹമ്മദാബാദിൽ വിജയ് ഹസാരെ ഏകദിന ക്രിക്കറ്റ് ടൂർണമെന്റിൽ മൂന്നാം മത്സരത്തിൽ കേരളം ഇന്ന് മധ്യപ്രദേശിനെ നേരിടും.**

## വാർത്തകൾ വിശദമായി

ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ രണ്ട് ദിവസത്തെ സന്ദർശനത്തിന് വൈകിട്ട് തിരുവനന്തപുരത്തെത്തും. മൂന്ന് സംസ്ഥാനങ്ങളിലെ സന്ദർശനത്തിന്റെ ഭാഗമായി ഉപരാഷ്ട്രപതി ഒരു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് പുതുച്ചേരിയിൽ എത്തി. പുതുച്ചേരി ലെഫ്റ്റനന്റ് ഗവർണർ K. കൈലാസ്നാഥൻ, മുഖ്യമന്ത്രി N. രംഗസാമി, നിയമസഭാ സ്പീക്കർ R. സെൽവം, മന്ത്രിമാർ എന്നിവർ വിമാനത്താവളത്തിൽ അദ്ദേഹത്തിന് സ്വീകരണം നൽകി.

പുതുച്ചേരിയിൽ പൗരസ്വീകരണത്തിലും ഭാരതിയാർ പ്രതിമ അനാവരണ ചടങ്ങിലും സ്മാർട്ട് സിറ്റി മിഷന്റെ ഭാഗമായ ഭവന പദ്ധതി ഉദ്ഘാടനത്തിലും

അദ്ദേഹം പങ്കെടുക്കും. പുതുച്ചേരി സർവകലാശാലയുടെ 30-ാം ബിരുദദാന സമ്മേളനത്തിൽ മുഖ്യാതിഥിയായും അദ്ദേഹം സംബന്ധിക്കും.

വൈകിട്ട് ആറരയോടെ അദ്ദേഹം തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിൽ എത്തും. പാളയം LMS-ൽ ട്രിവാൻഡ്രം ഫെസ്റ്റിലെ സ്നേഹ സംഗമം പരിപാടിയിൽ ഉപരാഷ്ട്രപതി പങ്കെടുക്കും.

✪✪✪

93-ാമത് ശിവഗിരി മഹാ തീർത്ഥാടനത്തിന് നാളെ തുടക്കമാകും. രാവിലെ ഒമ്പതരക്ക് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ തീർത്ഥാടന സമ്മേളനം ഉദ്ഘാടനം ചെയ്യും. ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ, ധർമ പതാക ഉയർത്തും. മൂന്ന് ദിവസങ്ങളിലായി 14 സമ്മേളനങ്ങളാണ് തീർത്ഥാടനത്തിന്റെ ഭാഗമായി നടത്തുക. തീർത്ഥാടകരെ വരവേൽക്കാൻ ശിവഗിരിയിലും പരിസരങ്ങളിലും വിപുലമായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. പദയാത്രകൾ ഇന്ന് വൈകിട്ട് ശിവഗിരിയിൽ സംഗമിക്കും.

✪✪✪

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് പകരം കൊണ്ടുവന്ന വികസിത് ഭാരത് -G-RAM-G നിയമത്തിലൂടെ സംസ്ഥാനങ്ങൾക്ക് 17,000 കോടിയിൽ പരം രൂപയുടെ അറ്റാദായം ഉണ്ടാകുമെന്ന് സ്റ്റേറ്റ് ബാങ്കിന്റെ പഠന റിപ്പോർട്ട് വിലയിരുത്തുന്നു. കഴിഞ്ഞ ഏഴ് വർഷത്തെ ശരാശരി വിഹിതവുമായി താരതമ്യപ്പെടുത്തുമ്പോഴാണ് സംസ്ഥാനങ്ങളുടെ സാമ്പത്തിക നേട്ടം ഉയരുന്നത്. ഇത് സംസ്ഥാനങ്ങളുടെ ഫണ്ട് വിതരണ ശേഷി വർദ്ധിപ്പിക്കും. പരിവർത്തന നടപടികളും തന്ത്രങ്ങളും സംയോജിപ്പിച്ച് വികസിത ഭാരത ലക്ഷ്യത്തിലേക്ക് അതിവേഗം രാജ്യത്തെ നയിക്കുകയാണ് പുതിയ തൊഴിലുറപ്പ് നിയമ ചട്ടക്കൂടിന്റെ ലക്ഷ്യം.

വികസനത്തിന് ഉതകുന്ന പദ്ധതികൾ കണ്ടെത്തി ക്രിയാത്മക സമ്പത്ത് നേടിയെടുക്കാനും വരുമാനം വർദ്ധിപ്പിക്കാനും ഫലപ്രദമായ നിരീക്ഷണ സംവിധാനത്തോട് കൂടി അവ പൂർത്തീകരിക്കാനും പുതിയ നിയമത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഘടനാപരമായ ദൗർബല്യങ്ങൾ ഒഴിവാക്കി തൊഴിലുറപ്പ് ശക്തിപ്പെടുത്താനും നടപടികൾ സുതാര്യമാക്കാനും ആസൂത്രണവും വിശ്വാസ്യതയും എല്ലാ തലത്തിലും വർദ്ധിപ്പിക്കാനും G-RAM-G നിയമം വഴി സാധിക്കുമെന്ന് SBI മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് ഡോ. സൗമ്യകാന്ത ഘോഷ് റിപ്പോർട്ടിൽ പറയുന്നു.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പ് ഫലം വിശകലനം ചെയ്യാൻ CPIM സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം തിരുവനന്തപുരത്ത് ചേർന്നു. ഇന്നലെ ആരംഭിച്ച സംസ്ഥാന കമ്മിറ്റി യോഗം ഇന്നും തുടരും. CPI നേതൃയോഗവും തിരുവനന്തപുരത്ത് ചേരുന്നുണ്ട്. തദ്ദേശ തെരഞ്ഞെടുപ്പ് വിശകലനവും നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രാഥമിക ആലോചനകളുമാണ് യോഗത്തിന്റെ അജണ്ട.

✪✪✪

എറണാകുളം അടക്കം മൂന്ന് പ്രമുഖ റെയിൽവെ സ്റ്റേഷനുകളെ ദക്ഷിണ റെയിൽവെ വിപുലമായ വികസനത്തിന് തെരഞ്ഞെടുത്തു. കോച്ചിംഗ് ടെർമിനലുകളുടെ വിപുലീകരണം, സ്റ്റേഷൻ പുനർവികസനം, പുതിയ ടെർമിനലുകൾ, മൾട്ടി-ട്രാക്ക് പദ്ധതികൾ എന്നിവ ഇവിടങ്ങളിൽ നടപ്പാക്കും. എറണാകുളം സ്റ്റേഷന്റെ രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കുന്ന പുനർവികസനത്തന് 150 കോടിയിൽ രൂപ അനുവദിച്ചിട്ടുണ്ട്. ചെന്നൈ, കോയമ്പത്തൂർ സ്റ്റേഷനുകളാണ് എറണാകുളത്തിന് പുറമെ വികസിപ്പിക്കുന്ന മറ്റ് സ്ഥലങ്ങൾ.

✪✪✪

തദ്ദേശ സ്ഥാപനങ്ങളിലെ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളുടെ തെരഞ്ഞെടുപ്പ് ജനുവരി 5 മുതൽ ഏഴ് വരെ നടത്തുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ അറിയിച്ചു. ഇതിന് ശേഷം ചെയർമാൻമാരുടെ തെരഞ്ഞെടുപ്പും ഉണ്ടായിരിക്കും.

അംഗങ്ങളുടെ തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ ചെയർമാൻമാരുടെ തിരഞ്ഞെടുപ്പ് അതത് വരണാധികാരികൾ നടത്തും.

✪✪✪

സ്ഥാനാർത്ഥികളുടെ നിര്യാണത്തെ തുടർന്ന് വോട്ടെടുപ്പ് മാറ്റിവെച്ച മൂന്നു തദ്ദേശ വാർഡുകളിൽ പത്രിക പിൻവലിക്കാൻ അവസാന തിയ്യതി ഇന്ന്. മലപ്പുറം മൂത്തേടം പഞ്ചായത്തിലെ പായിപ്പാടം, എറണാകുളം പാമ്പാക്കുട പഞ്ചായത്തിലെ ഓണക്കൂർ, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം എന്നീ വാർഡുകളിൽ ജനുവരി 12-നാണ് വോട്ടെടുപ്പ്. 13-ന് വോട്ടെണ്ണും.

✪✪✪

കാസർകോട് പുല്ലൂർ- പെരിയ പഞ്ചായത്ത് ഭരണം LDF നേടി. LDF നും UDF- നും ഒമ്പത് വീതം വോട്ട് ലഭിച്ചതിനെ തുടർന്ന് നറുക്കെടുപ്പിലാണ് വിധി നിർണയിച്ചത്. LDF ലെ CK സബിതയാണ് പഞ്ചായത്ത് പ്രസിഡന്റ്.

✪✪✪

സംസ്ഥാനത്തെ കരട് വോട്ടർ പട്ടികയിൻമേൽ പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. തെരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

✪✪✪

ആരവല്ലി മലനിരകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സ്വമേധയാ എടുത്ത കേസിൽ സുപ്രീം കോടതി ഇന്ന് വാദം കേൾക്കും. പരിസ്ഥിതി - ദുർബല മേഖലയുടെ സംരക്ഷണത്തെക്കുറിച്ച് ആശങ്കകളായിരിക്കും ഇന്ന് കോടതി കേൾക്കുന്നത്. ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസുമാരായ JK മഹേശ്വരി, AG മസിഹ് എന്നിവരടങ്ങുന്ന ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്. ഡൽഹി മുതൽ ഗുജറാത്ത് വരെ പർവതനിരകളെ ഉൾക്കൊള്ളുന്ന ആരവല്ലിയിലുടനീളം നിയന്ത്രണങ്ങൾ ബാധകമാകുമെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അറിയിച്ചിട്ടുണ്ട്.

✪✪✪

തദ്ദേശ സ്ഥാപനങ്ങൾക്ക് സംസ്ഥാനം എത്ര വിഹിതം നൽകണമെന്ന് ശുപാർശ ചെയ്യുന്ന സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ട് ഇന്ന് ഗവർണർക്ക് സമർപ്പിക്കും. ഡോ.KN ഹരിലാലാണ് ഏഴാം ധനകാര്യ കമ്മീഷൻ അധ്യക്ഷൻ. നിലവിൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 28 ശതമാനമാണ് തദ്ദേശസ്ഥാപനങ്ങൾക്ക് മാറ്റി വയ്ക്കുന്നത്.

✪✪✪

പാൻകാർഡ്, ആധാർ കാർഡുമായി ബന്ധിപ്പിക്കുന്നതിന് സമയപരിധി മറ്റന്നാൾ അവസാനിക്കും. 31 നകം നടപടി പൂർത്തിയാക്കണമെന്ന് ആദായ നികുതി വകുപ്പ് നിർദ്ദേശം നൽകി. ഈ സമയപരിധിക്കകം ലിങ്ക് ചെയ്യാത്തവരുടെ പാൻകാർഡുകൾ പ്രവർത്തന രഹിതമാകുമെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനത്തിന് മുന്നോടിയായി ഇന്ന് കോവളം ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ പ്രീലോഞ്ച് അന്താരാഷ്ട്ര ഗവേഷക സംഗമം നടത്തും. അല്പസമയത്തിനകം മന്ത്രി വീണ ജോർജ്ജ് ഉദ്ഘാടനം ചെയ്യും. വിക്രം സാരാഭായി സ്പേസ് സെൻറർ മുൻ ഡയറക്ടറും മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവുമായ ഡോ. M. ചന്ദ്രദത്തൻ മുഖ്യാതിഥിയാകും.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 520 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 3,920 രൂപയായി. ഗ്രാമിന് 12,990 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്.

✪✪✪

72-മത് അഖിലേന്ത്യ സഹകരണവാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തൃശ്ശൂർ കോവിലകത്തുംപാടം ജവഹർലാൽ കൺവെൻഷൻ സെന്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

മന്ത്രി VN വാസവൻ ചടങ്ങിൽ അധ്യക്ഷനായിരുന്നു. ഇന്നു മുതൽ ജനുവരി 4 വരെ വിവിധ പരിപാടികൾ സംഘടിപ്പിക്കും.

കണ്ണൂർ മുതൽ തൃശൂർ ജില്ലയിലെ വരെ സഹകാരികൾ ഉദ്ഘാടന സമ്മേളനത്തിലും, എറണാകുളം മുതൽ തിരുവനന്തപുരം വരെ ജില്ലകളിലെ സഹകാരികൾ സമാപന സമ്മേളനത്തിലും പങ്കെടുക്കും.

✪✪✪

തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജിൽ 84- മത് ഇന്ത്യൻ ചരിത്ര കോൺഗ്രസിൽ രാവിലെ കോളേജ് ഓഡിറ്റോറിയത്തിൽ വിവിധ വിഷയങ്ങളിൽ സിമ്പോസിയം ആരംഭിച്ചു. ശതോത്തര ഹാളിൽ പാനൽ ചർച്ചകളും പുരോഗമിക്കുകയാണ്. കോൺഗ്രസിൽ 700 പ്രബന്ധങ്ങളാണ് അവതരിപ്പിക്കുന്നത്. ഇന്നലെ ആരംഭിച്ച ചരിത്ര കോൺഗ്രസ് നാളെ സമാപിക്കും.

✪✪✪

പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂൾ വിദ്യാർഥികളുടെ സംസ്ഥാനതല കലാമേള ‘സർഗോത്സവം’ കണ്ണൂരിൽ പുരോഗമിക്കുന്നു. ഇന്ന് പരമ്പരാഗത ഗാന മത്സരം, നാടോടി നൃത്തം, നാടകം എന്നീ ഇനങ്ങളിലാണ് മത്സരം. സർഗോത്സവം നാളെ സമാപിക്കും. വൈകിട്ട് മന്ത്രി O.R കേളു സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും

✪✪✪

അഹമ്മദാബാദിൽ വിജയ് ഹസാരെ ഏകദിന ക്രിക്കറ്റ് ടൂർണമെന്റിൽ മൂന്നാം മത്സരത്തിൽ കേരളം ഇന്ന് മധ്യപ്രദേശിനെ നേരിടും. ഓരോ ജയവും, തോൽവിയുമായി ഗ്രൂപ്പ് A യിൽ മൂന്നാമതാണ് കേരളം.

✪✪✪

ദോഹയിലെ FIDE വേൾഡ് റാപ്പിഡ് പുരുഷ-വനിതാ സിംഗിൾസ് ചെസ്സ് ചാമ്പ്യൻഷിപ്പിൽ മാഗ്നസ് കാൾസണും അലക്സാണ്ട്ര ഗോറിയച്ച്കിനയും കിരീടങ്ങൾ സ്വന്തമാക്കി. ഇന്ത്യയുടെ അർജുൻ എറിഗൈസി പുരുഷ വിഭാഗത്തിലും, കൊനേരു ഹംപി വനിതാ വിഭാഗത്തിലും വെങ്കല മെഡലുകൾ നേടി.

✪✪✪

ശബരിമല സ്വർണപ്പാളിക്കേസിലെ പ്രതി ഉണ്ണികൃഷ്ണൻ പോറ്റിയും, മുഖ്യമന്ത്രി പിണറായി വിജയനും ചേർന്ന ചിത്രം സാമൂഹികമാധ്യമത്തിൽ പോസ്റ്റ് ചെയ്ത സംഭവത്തിൽ KPCC രാഷ്ട്രീയ കാര്യ സമിതി അംഗം N സുബ്രഹ്മണ്യനെ പൊലീസ് ചോദ്യം ചെയ്തു. പ്രാഥമിക അന്വേഷണത്തിൽ ശേഖരിച്ച തെളിവുകളുടെ അടിസ്ഥാനത്തിലായിരുന്നു കോഴിക്കോട് ചേവായൂർ പൊലീസിന്റെ ചോദ്യം ചെയ്യൽ.

✪✪✪

അവകാശികളില്ലാതെ അക്കൗണ്ടുകളിൽ കിടക്കുന്ന പണം യഥാർത്ഥ ഉടമയ്ക്ക് തിരികെ നൽകുന്നതിന് കണ്ണൂരിൽ ലീഡ് ബാങ്കിന്റെ നേതൃത്വത്തിൽ ഇന്ന് ഉച്ചക്ക് പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കും.

10 വർഷത്തിലേറെ അവകാശികളില്ലാതെ ദേശസാൽകൃത ബാങ്കുകളിലും ധനകാര്യ സ്ഥാപനങ്ങളിലും കെട്ടി കിടക്കുന്ന തുകയാണ് യഥാർത്ഥ അവകാശിക്കോ അവകാശികളായ കുടുംബാംഗങ്ങൾക്കോ കൈമാറുന്നത്. കണ്ണൂർ ജില്ലയിൽ ഇത്തരത്തിൽ അവകാശികളില്ലാതെ 164 കോടിയോളം രൂപയുടെ അക്കൗണ്ടുകളുണ്ട്.

✪✪✪

ആന്ധ്രപ്രദേശിലെ വിജയവാഡയിൽ ട്രെയിനിൽ തീപിടിച്ച് ഒരു യാത്രക്കാരൻ മരിച്ചു. വിജയവാഡ സ്വദേശി ചന്ദ്രശേഖർ സുന്ദർ എന്ന എഴുപത്കാരനാണ് മരിച്ചത്. ഇന്ന് പുലർച്ചെ അനകാപ്പള്ളി യലമഞ്ചിലി റെയിൽവേ സ്റ്റേഷനിലാണ് സംഭവം

ടാറ്റാ നഗറിൽ നിന്ന് എറണാകുളത്തേക്ക് വരികയായിരുന്ന എറണാകുളം എക്സ്പ്രസ് ട്രെയിനിലാണ് തീപിടിച്ചത്. M1, B2 കോച്ചുകൾ പൂർണമായും കത്തിനശിച്ചു.തീ പടരുന്നത് ശ്രദ്ധയിൽപ്പെട്ടതോടെ ലോക്കോ പൈലറ്റ് ട്രെയിൻ സ്റ്റേഷനിൽ നിർത്തുകയായിരുന്നു. B1 കോച്ചിലാണ് തീ ആദ്യം പടർന്നത്. തുടർന്ന് റെയിൽവേ ജീവനക്കാർ മറ്റ് കോച്ചുകൾ വേർപെടുത്തി.

✪✪✪

MC റോഡിൽ മാന്തുക ഭാഗത്ത് രാവിലെ  സ്കൂൾ ബസ്, ലോറി, കാർ എന്നിവ കൂട്ടിയിടിച്ച് അപകടം സംഭവിച്ചു. ചെങ്ങന്നൂർ ഭാഗത്ത് നിന്നും പന്തളത്തേക്ക് പോയ ഗ്രിഗോറിയൻ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് സ്കൂൾ ബസ്സിൽ, എതിരെ വന്ന ലോറി ഇടിക്കുകയായിരുന്നു.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader:  നിമിഷ ജി*
*NRTs: അനിൽ ചന്ദ്രൻ ,സബിത കെ*
*DEO : സി കെ സുബോധ്*